മുട്ടത്തു വർക്കിയും മലയാളപഠനത്തിലെ വെല്ലുവിളികളും

സ്കറിയ സക്കറിയ

മുട്ടത്തു വർക്കിയുടെ രചനകളിലെ മായാപ്രപഞ്ചം സാഹിത്യരസികരെ വീണ്ടും മാടിവിളിക്കുന്നു. മാധ്യമീകരിക്കപ്പെട്ട മലയാളത്തിന്റെ സഹായത്തോടുകൂടി ജനപ്രിയനോവലുകൾ കൂടുതൽ ശ്രദ്ധേയത നേടുമ്പോൾ സാഹിത്യപണ്ഡിതർ പൊതുവെ അമ്പരന്നുനിൽക്കുകയാണ്. പാശ്ചാത്യ സാഹിത്യത്തിലും ഇതേ വിസ്മയഭാവം കാണാം. സാഹിത്യസംവേദന പഠനമാണ് കുറെയെങ്കിലും തൃപ്തികരമായ വിശദീകരണം നൽകി ജനപ്രിയസാഹിത്യത്തെ സാഹിത്യവിജ്ഞാനത്തിന്റെ ഭാഗമാക്കുന്നത്. മുട്ടത്തു വർക്കിയുടെ രചനകൾ മുൻനിർത്തി മലയാളപശ്ചാത്തലത്തിൽ ഇക്കാര്യങ്ങൾ വിശദീകരിക്കാൻ ശ്രമിക്കണം. ജനപ്രിയസാഹിത്യപഠനം പുതിയ രീതിശാസ്ത്രങ്ങൾ ഉപയോഗിച്ചു നവീകരിക്കണം—പുതിയ ആശയാവലികളും സങ്കല്പനങ്ങളും സിദ്ധാന്തങ്ങളും വേണ്ടിവന്നിരിക്കുന്നു.

സാഹിത്യത്തെക്കുറിച്ചുള്ള ചർച്ച കഥാസാഹിത്യം മുൻനിർത്തിയാകുമ്പോൾ, കുറെ വിവാദകലുഷമാകുന്നു. കവിതാചർച്ചയിൽനിന്നും കാവ്യനാടകവിമർശനത്തിൽനിന്നും വികസിച്ച കാവ്യശാസ്ത്രത്തിനു നോവൽ, ചെറുകഥ, ആത്മകഥ, ലഘൂപന്യാസങ്ങൾ തുടങ്ങിയ സാഹിത്യരൂപങ്ങളോടു നീതി പുലർത്താനാവാത്തതാണ് ഇതിനു കാരണം. പദ്യത്തിലെഴുതിയ ജ്യോതിശ്ശാസ്ത്രഗ്രന്ഥം വിലയിരുത്താൻ സാമ്പ്രദായികകാവ്യശാസ്ത്രം പ്രയോജനപ്പെട്ടേക്കാം. എന്നാൽ കടുത്ത ബലപ്രയോഗംകൊണ്ടുപോലും തകഴി, ദേവ്, ബഷീർ, വി.കെ.എൻ., സക്കറിയ, മാധവിക്കുട്ടി, സാറാ ജോസഫ് തുടങ്ങിയവരുടെ കൃതികൾ വിശദീകരിക്കാൻ കാവ്യശാസ്ത്രസിദ്ധാന്തങ്ങൾ ഉപകരിക്കില്ല. വാമൊഴിക്കവിതയുടെ കാര്യത്തിലും ഇതേ നിസ്സഹായത അനുഭവപ്പെടുന്നു. കാലം ചെല്ലുന്തോറും ജനകീയമെന്ന് വിശേഷിപ്പിക്കാവുന്ന നോവലും കഥയും നാടോടിസാഹിത്യവും സാഹിത്യത്തിന്റെ മുഖ്യാധാരയായി മാറുകയാണ്. അതിനുമപ്പുറം ഇലക്ട്രോണിക് മാധ്യമങ്ങളുടെ വരവോടെ തിരക്കഥയും സിനിമാപ്പാട്ടും ടി.വി. സീരിയലും പരസ്യവും ആഖ്യാനരൂപങ്ങൾ എന്ന നിലയിൽ ജനപ്രീതി നേടി. പരമ്പരാഗതസാഹിത്യ

ത്തിന്റെ ഇടത്തിലേക്ക് തള്ളിക്കയറുന്നു. ജനാധിപത്യവൽക്കരണത്തിന്റെ ഭാഗമായി ഇത്തരം മാറ്റങ്ങൾകൂടി കണക്കിലെടുത്ത് സാഹിത്യത്തെ പുനർനിർവ്വചിക്കാൻ ശ്രമങ്ങളുണ്ട്. ഇവിടെയാണു മുട്ടത്തു വർക്കിയുടെ പ്രസക്തി. സാഹിത്യഭാഷയെ ജനപ്രിയമാക്കുന്നതിന്റെ മാതൃകകൾ വർക്കിയുടെ രചനകളിൽ കാണാം. നോവലിനെ ദാർശനികവ്യവഹാരമായി പരിഗണിക്കുന്നവർക്ക് ഈ ജനകീയശൈലി സ്വീകാര്യമായില്ല. മാധ്യമങ്ങളെ യാഥാർത്ഥ്യത്തിന്റെ പകർപ്പുകളായും ജനത്തിന്റെ നാവായും പരിഗണിക്കുന്നവർക്കും ഈ ജനപ്രിയ ശൈലി ഇഷ്ടപ്പെട്ടില്ല. എങ്കിലും ഇതാണ് ഇന്നത്തെ ശൈലി; ഉപരിപ്ലവത എന്ന് സാമ്പ്രദായികർ ഇതിനെ ഇകഴ്ത്തിയേക്കാം. ആദർശവാദികൾ ഇതിനെ ഭാഷാധൂർത്തായി കണക്കാക്കിയേക്കാം. ഇത് കേവലം ഭാഷാപ്രശ്നമല്ല. സാഹിത്യത്തെയും സമൂഹത്തെയും അവയുടെ പരസ്പരബന്ധത്തിൽ കണ്ടറിഞ്ഞു വിലയിരുത്തിയാലേ ഈ പ്രതിഭാസം വിശദീകരിക്കാനാവൂ.

സമൂഹത്തിന്റെ പൊതുബോധത്തെ ഏറെ നൊമ്പരപ്പെടുത്താതെ, എന്നാൽ തെല്ലൊന്ന് തൊട്ടുരുമ്മി പ്രവാചകനാട്യത്തിൽ വിദഗ്ദ്ധമായി എഴുതുന്നതാണല്ലോ ബഹുജനസമ്പർക്കമാധ്യമങ്ങളുടെ ഇന്നത്തെ ശൈലി. നവസാക്ഷരരുടെ സമൂഹത്തിൽ മാത്രമല്ല, ജീവിതതിരക്കുകളിൽ കുടുങ്ങിപ്പോകുന്ന വിദ്യാസമ്പന്നർക്കിടയിലും ഇത്തരം രചനയ്ക്ക് വമ്പിച്ച പ്രചാരമുണ്ട്. നമ്മുടെ ആനുകാലികങ്ങളും ടെലിവിഷൻ സീരിയലുകളും അതിവിദഗ്ദ്ധമായി ഉപയോഗിക്കുന്ന ഈ തന്ത്രം മുട്ടത്തു വർക്കി കഥാഖ്യാനതന്ത്രമായി വികസിപ്പിച്ചെടുത്തതാണ്. ദൃശ്യശ്രാവ്യമാധ്യമങ്ങളിലെ വാർത്താധിഷ്ഠിതപരിപാടികൾ ഈ ഭാഷ നിലവാരപ്പെട്ട വസ്തുതാപ്രതിപാദനശൈലി എന്ന മട്ടിൽ ഉപയോഗിക്കുമ്പോൾ അതിൽ സംഭവിക്കുന്ന സംവേദനപരിണാമം സാംസ്കാരികവിമർശകർക്ക് അവഗണിക്കാനാവില്ല. ജനപ്രിയം എന്ന മുദ്ര ചാർത്തപ്പെടുന്ന വ്യവഹാരങ്ങളിൽ വിനോദതന്ത്രം എന്ന നിലയിൽ അവയുടെ ഉപയോഗം ആഖ്യാനകൗശലമായി വേണം വിലയിരുത്താൻ. മുട്ടത്തു വർക്കി കഥപറയാൻ ഉപയോഗിച്ച ശൈലിയിൽ ഇന്ന് മാധ്യമങ്ങൾ കാര്യം പറയുന്നു. വാർത്താധിഷ്ഠിതകഥ എന്ന മട്ടിൽ ഭംഗിയായി കള്ളം പറയാൻ ഉപയോഗിക്കുന്നു. കളിയും കാര്യവും കലർത്തി തന്നിഷ്ടം പറയുക എന്നതാണല്ലോ സമകാലിക മാധ്യമതന്ത്രം. പരസ്യങ്ങളുടെ സ്വഭാവവും ഇതുതന്നെ. ഭാഷയെയും ദർശനത്തെയും സ്പർശിക്കുന്ന ഈ ആഖ്യാനതന്ത്രം വർക്കിയുടെ രചനകൾ മുൻനിർത്തി വിശദീകരിക്കാം.

വൻ തറവാടുകളുടെയും കൊട്ടാരങ്ങളുടെയും പരിസരങ്ങൾ വിട്ട് അദ്ധ്വാനിക്കുന്ന മനുഷ്യരുടെ ഇടയിലേക്കു മലയാളകഥാസാഹിത്യം ഇറങ്ങിച്ചെല്ലുന്ന കാലഘട്ടത്തിലാണ് മുട്ടത്തു വർക്കി സാഹിത്യാങ്കണത്തിൽ പ്രവേശിച്ചത്. തകഴി, ദേവ്, പൊൻകുന്നം വർക്കി എന്നിവരെപ്പോലെ മുട്ടത്തു വർക്കിയും ദാരിദ്ര്യത്തിന്റെയും അവമതിപ്പിന്റെയും പരിത്യാഗത്തിന്റെയും കഥയെഴുതി. അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത കഥകളിലെ (എൻ.ബി.എസ്.

1977) 'ഹീനജന്മം' എന്ന ഒന്നാമത്തെ കഥ വെറുമൊരു നായയുടെ കഥയായിട്ടല്ല, നിസ്വതയും നിരാധാരത്വവും മൂർഖതയും കലർന്ന ജീവിതത്തിന്റെ ചവർപ്പായിട്ടാണ് വായനക്കാർക്ക് അനുഭവപ്പെടുക. മുതലാളിമാരുടെ നിർദ്ദയത്വവും ദരിദ്രരുടെ ദൈന്യവും ഏറ്റുമുട്ടുമ്പോൾ കണ്ണീരിന്റെ കുത്തൊഴുക്ക് രൂപപ്പെടുന്ന കാഴ്ചയാണ് 'ഒഴുക്ക്' എന്ന കഥയിലുള്ളത്. വാർദ്ധക്യത്തിന്റെ ശാപമായ പരിത്യക്തതയുടെ വേദന 'കറുത്ത മറുകി'ലെ മൂത്തപണിക്കത്തി, 'മുറിവു'കളിലെ വല്ലിമ്മച്ചി എന്നിവരിലൂടെ വർക്കി അവതരിപ്പിച്ചിരിക്കുന്നു. മുട്ടത്തുവർക്കിയുടെ സാഹിത്യപ്രപഞ്ചത്തിന്റെ വൈപുല്യംനിമിത്തമായിരിക്കണം അദ്ദേഹത്തിന്റെ ശ്രദ്ധേയങ്ങളായ ചില കൃതികൾ സാഹിത്യാസ്വാദകരുടെയും നിരൂപകരുടെയും ശ്രദ്ധയിൽ പെടാതെപോയത്. കേസരി ബാലകൃഷ്ണപിള്ള, എം.പി. പോൾ തുടങ്ങിയവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായവയാണ് അദ്ദേഹത്തിന്റെ ആദ്യകാലസംഭാവനകൾ എന്ന കാര്യം ഓർമ്മിക്കുമല്ലോ.

ആനുകാലികങ്ങളിലൂടെ നോവൽസാഹിത്യത്തിലേക്കു പ്രവേശിക്കുമ്പോൾ വർക്കിയുടെ സാഹിത്യപ്രപഞ്ചം പ്രതിപാദ്യത്തിന്റെ കാര്യത്തിൽ ചില നിഷ്ഠകൾ പ്രകടമാക്കുന്നു. 'സ്വന്തം കർമ്മക്ഷേത്രം' കണ്ടെത്തിയ മട്ടിലാണ് പിന്നീടങ്ങോട്ടുള്ള അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനം. താൻ ജനിച്ചു വളർന്ന നാടിന്റെ പശ്ചാത്തലത്തിലാണ് വർക്കിയുടെ നോവലുകൾ രൂപം കൊണ്ടത്. പാറേൽപ്പള്ളിപ്പെരുന്നാളും ചാക്കിരിമുക്കും കുരിശുമ്മൂടുമെല്ലാം (ചങ്ങനാശ്ശേരിപ്പട്ടണത്തെ തൊട്ടുരുമ്മിക്കിടക്കുന്ന പഴക്കമുള്ള ഗ്രാമങ്ങളാണിവ) വർക്കിയുടെ നോവലുകളെ യഥാർത്ഥമായ ഒരു ദേശപശ്ചാത്തലത്തിൽ ഉറപ്പിച്ചുനിർത്തുന്നു. സവിശേഷ സാമുദായികപശ്ചാത്തലവുമുണ്ട്, വർക്കിയുടെ നോവലുകളിൽ—വർക്കി ജനിച്ചു വളർന്ന സുറിയാനി കത്തോലിക്കാ സമുദായത്തിന്റെ വിശാലഭൂമിക. ആ സമുദായവുമായി ഇടപഴകിക്കഴിയുന്ന മദ്ധ്യതിരുവിതാംകൂറിലെ മറ്റു സമുദായങ്ങളിൽപ്പെട്ടവരും വർക്കിയുടെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ട കഥാപാത്രങ്ങൾക്ക് ഒരെഴുത്തുകാരന്റെ രചനകളിൽ പെരുപ്പമുണ്ടായാൽ, എന്നല്ല എല്ലാ കഥാപാത്രങ്ങളും ഒരൊറ്റ സമുദായത്തിൽപ്പെട്ടവരായാൽപ്പോലും (പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ നാടകപ്രപഞ്ചംതന്നെ നല്ല ഉദാഹരണം) അതൊരു പോരായ്മയാകുന്നില്ല. തങ്ങൾക്ക് അടുത്തറിയാവുന്ന വ്യക്തികളെയും സാഹചര്യങ്ങളെയുംകുറിച്ച് എഴുതുന്നതിൽ ചില എഴുത്തുകാർ കൂടുതൽ താൽപര്യം കാട്ടുന്നു എന്നു കരുതിയാൽ മതി. വർക്കിയുടെ നോവലുകളിൽ സജീവമായി നിലനിൽക്കുന്ന സുറിയാനി കത്തോലിക്കാ സാമൂഹികപശ്ചാത്തലത്തിന് ഇതിലധികം വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മുട്ടത്തു വർക്കിയുടെ നോവലുകൾ സാഹിത്യലോകത്തിലേക്ക് പ്രവേശിപ്പിച്ച സ്ത്രീപുരുഷന്മാർ വേഷത്തിലും വീക്ഷണത്തിലും പ്രവൃത്തിയിലും പ്രത്യേകതകളുള്ളവരായിരുന്നു—മന്മൽ പുടവ ഞൊറിച്ചിലിട്ടുടുത്ത്, മന്മൽ

ചട്ടയിട്ട്, കവണി പുതച്ചു നടന്ന സ്ത്രീകൾ; കഴുത്തിൽനിന്ന് വെന്തിങ്ങ മാറ്റാത്ത സ്ത്രീപുരുഷന്മാർ; കൈയിൽ കൊന്തയും നിത്യാരാധനപ്പുസ്തകവുമായി പള്ളിയിൽ പോകുന്നവർ; കർത്താവിന്റെ മാലാഖയും അമ്പത്തിമൂന്നു മണിജപവും മുടങ്ങാതെ ചൊല്ലുന്നവർ; കുടുംബപാരമ്പര്യത്തെ ചൊല്ലി മറ്റുള്ളവരെ ഇകഴ്ത്താൻ മടിയില്ലാത്തവർ; സർവ്വോപരി ഭൂമിയോട് മല്ലിട്ടു വിയർപ്പൊഴുക്കി ജീവിക്കാൻ വ്രതമെടുത്തവർ! ഇവരിൽ ബഹുഭൂരിപക്ഷം സാധാരണക്കാരാണ്; അദ്ധ്വാനശേഷിയും വളരാനുള്ള വെമ്പലും മാത്രം മൂലധനമായുള്ളവർ. വളരാനുള്ള അവരുടെ വ്യാമോഹത്തെ ആർത്തി എന്നോ സാഹസികതയെന്നോ നിങ്ങൾക്ക് പേരിടാം. സാഹിത്യപരിചയമോ വിശാലമായ ലോകപരിചയമോ നേടിയവരല്ല ഇവർ. മദ്ധ്യവർഗ്ഗത്തിന്റെ സാമാന്യസ്വഭാവങ്ങളായ പൊങ്ങച്ചവും അനുകരണവാസനയും അവരിൽ പ്രകടമായിട്ടുണ്ട്; സർവ്വോപരി മദ്ധ്യവർഗ്ഗത്തിന്റെ വിശ്രുതമായ അധർമ്മഭയവും. അടക്കിപ്പിടിച്ച ശരീരപരതയും. ഇവയെല്ലാം വർക്കിയുടെ എഴുത്തിലുണ്ട്.

സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് അരുതാത്തതു വല്ലതും ചെയ്തുപോയാൽ അത്തരം അതിക്രമങ്ങൾ വർക്കിയുടെ കഥാപാത്രങ്ങളുടെ ഉള്ളിൽ ഉമിത്തീപോലെ നീറിക്കൊണ്ടിരിക്കും. അതിക്രമം കാട്ടുകയും പിന്നീട് അതേക്കുറിച്ച് പശ്ചാത്തപിക്കുകയും ചെയ്യുന്ന അനേകം കഥാപാത്രങ്ങൾ വർക്കിയുടെ നോവൽപശ്ചാത്തലത്തിലുണ്ട്. പാപത്തിന്റെ ശമ്പളം മരണമാണ് എന്ന തത്വം അത്യന്തലളിതമായി സ്വീകരിച്ച് ആത്മഹത്യയിൽച്ചെന്നെത്തുന്നവരുണ്ട്. പാപത്തിന്റെ ശമ്പളമായി മരണവിധേയരാകുന്നവരുണ്ട്. ചുരുക്കത്തിൽ, ഇടത്തരക്കാരന്റെ സരളമായ ധർമ്മബോധം വർക്കിയുടെ കഥാപാത്രങ്ങളെ സ്വാധീനിച്ചിരിക്കുന്നു. പാപത്തിന് മദ്ധ്യവർഗ്ഗക്കാരൻ കല്പിക്കുന്ന ശിക്ഷ, അല്ലെങ്കിൽ അവർ ഭയപ്പെടുന്ന ശിക്ഷ, നോവലിസ്റ്റ് നോവലിനുള്ളിൽ വച്ചു നടത്തിക്കൊടുക്കുന്നു. വർക്കിയുടെ നോവലുകൾക്ക് കൈവന്ന അസാമാന്യമായ ജനപ്രീതിക്ക് ഇതും ഒരു കാരണമായിരുന്നില്ലേ? ശരിതെറ്റുകളും നന്മതിന്മകളും കലർന്നുകിടക്കുന്ന ജീവിതത്തിൽ നല്ലവഴി കണ്ടെത്താൻ വ്യഗ്രതപ്പെടുന്ന പാവം മാനവഹൃദയത്തിനു കൃത്യമായ ഉത്തരങ്ങൾ നൽകാൻ സാഹിത്യകാരന്റെ സന്ദേഹബുദ്ധിയും പരീക്ഷണകൗതുകവും ഉപകരിക്കില്ല. ഭാവനാപരമായുള്ള സാഹസികതപോലും സാമ്പ്രദായിക സത്യാന്വേഷണത്തിൽ ഏറെ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. മതവും രാഷ്ട്രവും ഇക്കാര്യത്തിൽ അധികാരവഴിയിലാണ് ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും. ഇത്തരം മേൽക്കോയ്മകളിൽ കലാപക്കൊടി ഉയർത്താനോ ചിന്താപരമായ കുതിച്ചുചാട്ടം നടത്താനോ ആൾക്കൂട്ടം (crowd) ആഗ്രഹിക്കുന്നില്ല. ജനപ്രിയസാഹിത്യവും ജനപ്രിയമാധ്യമവും ഇത്തരം വിപൽസന്ധികളിൽ മൗനം പാലിക്കുന്നു.

ശുഭപര്യവസായികളാണ് മുട്ടത്തുവർക്കിയുടെ മിക്ക നോവലുകളും. നവസാക്ഷരരായ മദ്ധ്യവർഗ്ഗക്കാർ, ജീവിതത്തോടു പുലർത്തുന്ന ഋജുവും സരളവുമായ ആഭിമുഖ്യംനിമിത്തം, അവരുടെയിടയിൽ ശുഭാന്തകഥകൾക്ക്

നല്ല സ്വാഗതമാണ് ലഭിക്കുക. അനുരാഗനദിയിലെ വിഘ്നങ്ങളുടെ നേർക്ക് അവർ കണ്ണടയ്ക്കുന്നില്ല. പ്രേമിച്ചു നോക്കാൻ മെനക്കെട്ടിട്ടുള്ളവരല്ല അവരിൽ പലരും. എങ്കിലും പ്രേമകഥകൾ കേൾക്കാൻ ഇഷ്ടമാണ്. നാടോടിപ്പുരാണങ്ങളുടെ അവക്രമമായ ശൈലിയിൽ ഉദ്വേഗജനകമായി ഈ കഥകൾ പറഞ്ഞു കേൾപ്പിക്കാൻ വർക്കി ഒരുമ്പെട്ടു. അത് 'എല്ലാം ശുഭമായി പര്യവസാനിക്കും' എന്ന അവരുടെ പ്രതീക്ഷയ്ക്കനുസൃതമായി അവസാനിപ്പിച്ചു കണ്ടപ്പോൾ ജനക്കൂട്ടത്തിന് ഏറെ സന്തോഷമായി.

"എന്റെ മോക്ക് എന്റെ ദൈവംതമ്പുരാൻ ഒരു ദോഷോം വരുത്തത്തില്ല" (നാത്തൂൻ) എന്ന് ആഗ്രഹിക്കുന്ന അപ്പനും "ദൈവം ഇതിനു തീർച്ചയായും അവരോടു പകരം വീട്ടിക്കൊള്ളും" (മയക്കുമരുന്ന്) എന്നു ശപിക്കുന്ന അമ്മയും "സർവ്വശക്തനായ ദൈവം നമ്മെ കൈവിടത്തില്ല" (ലോറാ നീ എവിടെ?) എന്നു പ്രഖ്യാപിക്കുന്ന മകളും മദ്ധ്യവർഗ്ഗത്തിന്റെ മറ്റൊരു സ്വഭാവവിശേഷം തെളിച്ചുകാട്ടുന്നു. അന്യൂനമായ ഈശ്വരാശ്രയബുദ്ധി. ലളിതമായ ഈ സമർപ്പണബുദ്ധിയുടെ ബാഹ്യാവിഷ്കാരങ്ങളാണ് പള്ളിയിൽപോക്കും കുടുംബപ്രാർത്ഥനയും നേർച്ചകാഴ്ചകളും വെന്തിങ്ങാധരിക്കലുമെല്ലാം. ഇവയെക്കാളൊക്കെ അഗാധതരമാണ് ഉത്തമ മതാത്മകതയെന്ന് വിജ്ഞന്മാർ വാദിച്ചേക്കാം. അവർ പറയുന്നതിൽ കഴമ്പുണ്ടെന്നും സമ്മതിക്കണം. എന്നാൽ സാധാരണക്കാരായ മതവിശ്വാസികൾക്ക് (വർക്കിയുടെ കഥാപാത്രങ്ങൾ ഇക്കൂട്ടത്തിൽപ്പെടും) മേൽപ്പറഞ്ഞവയെല്ലാമാണ് മതാത്മകതയുടെ ആവിഷ്കാരങ്ങൾ. തലമുറതലമുറയായി ശീലിച്ചുപോന്നിട്ടുള്ള ഇത്തരം അനുഷ്ഠാനങ്ങളിലൂടെ അവർ ഈശ്വരാനുഭവം തേടുന്നു. ഇതിനപ്പുറം കടന്ന് ഇതേക്കുറിച്ചു ചർച്ച നടത്താനോ അഭിപ്രായരൂപവത്കരണം നടത്താനോ മുട്ടത്തു വർക്കി ഒരുമ്പെടുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമ്പ്രദായികസങ്കല്പത്തിലുള്ള 'വിശ്വാസി'കളാണ് മുട്ടത്തു വർക്കിയുടെ പല കഥാപാത്രങ്ങളും. നോവലിസ്റ്റിന്റെ പ്രീതിയും പക്ഷപാതവും നേടിയിട്ടുള്ള കഥാപാത്രങ്ങളിൽ മിക്കവരും ഇത്തരം വിശ്വാസികളാണ്.

ക്രൈസ്തവമതസങ്കല്പത്തിൽ നിരുപാധികമായ ഈശ്വരാശ്രയബുദ്ധിയുടെ പര്യായമാണ് വിശ്വാസം. ഇത്തരം വിശ്വാസമാണ് ബൈബിൾ ഉപദേശിക്കുന്നത്. വിശേഷിച്ച് പുതിയനിയമം. വിശ്വാസികളുടെ വിധേയത്വമാണ് ക്രൈസ്തവികതയുടെ കാതൽ. മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങൾ ദൈവത്തെ 'എന്റെ ദൈവം' എന്നു വിളിക്കാറുണ്ട്. ആ വിളിയിൽ അടങ്ങുന്ന വൈയക്തികതയുടെ തീവ്രത വിശ്വാസത്തിന്റെ തിളക്കമാണ്. തീർന്നില്ല, ദൈവം മാത്രമാണ് തങ്ങൾക്ക് ഒരേ ഒരാശ്രയം എന്ന് അവർ കരുതുന്നു. നാവുകൊണ്ടും ഹൃദയംകൊണ്ടും പ്രവൃത്തികൊണ്ടും വർക്കിയുടെ കഥാപാത്രങ്ങൾ ഉദ്ഘോഷിക്കുന്നു: "വല്ലൊരും നമ്മക്കു തുണയുണ്ടൊ, ദൈവമല്ലാതെ!" (മയക്കുമരുന്ന്), ഈ വാക്യത്തിൽ പ്രകടമാകുന്ന പരമനിസ്സഹായതാബോധവും തത്ജന്യമായ സമ്പൂർണ്ണ ദൈവസമർപ്പണബുദ്ധിയുമാണ് ഉത്തമ ക്രൈസ്തവികത. ബൈബിൾ, ഭാഗ്യവാന്മാർ എന്നു വിളിക്കുന്ന ദരി

ദ്രരുണ്ടല്ലോ. അവരുടെ മൗലികഭാവമാണ് ഉദ്ധൃതവാക്യത്തിലുള്ളത്. ദൈവമല്ലാതെ മറ്റാരും അത്താണിയായി ഇല്ലാത്തവരാണ് ബൈബിൾസങ്കല്പത്തിലുള്ള ദരിദ്രർ. അത്തരം ദരിദ്രരാണ് വർക്കിയുടെ പല കഥാപാത്രങ്ങളും. ഇല്ലായ്മകൾ അവർക്ക് വല്ലായ്മകളായിത്തീരുന്നു. ഇല്ലായ്മകൾ സ്വീകരിക്കാൻ അവർ തയ്യാറല്ല. അവരുടെ ക്ഷോഭങ്ങൾ വികാരക്കടലുകളായി മാറുന്നുണ്ട്. നിങ്ങൾ 'വലിയൊരു സാഹിത്യാസ്വാദകനാ'ണെങ്കിൽ ഈ പ്രവണതയെ സെന്റിമെന്റലിസം എന്നു വിളിച്ചേക്കും. പക്ഷേ, ഒരു കാര്യം മറക്കരുത്. സാധാരണക്കാർ ജീവിതത്തെ വികാരവത്കരിച്ചു കാണുകയും അനുഭവിക്കുകയും വിവരിക്കുകയും ചെയ്യുന്നവരാണ്. മദ്ധ്യവർഗ്ഗക്കാരന്റെ ജീവിതത്തോടുള്ള ഈ മനോഭാവം വർക്കിയുടെ രചനകളിൽ സാമാന്യമായി പ്രതിഫലിച്ചു കാണുന്നു.

'അപരിഹരിണീയ വിധിയന്ത്രത്തിരിപ്പിനു' കീഴിലും പതറാത്തതാണ് മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങളിൽ കാണുന്ന ഈശ്വരാശ്രയബുദ്ധി. ലാസർ മേസ്തിരിയെ (ലോറാ നീ എവിടെ?) മരണം അപഹരിക്കാൻ തുടങ്ങുമ്പോൾ ,നോവലിസ്റ്റിന്റേതായി കാണുന്ന ചിന്തകൾ ശ്രദ്ധിക്കുക: "പാവപ്പെട്ട ലാസർ മേസ്തിരിയെ എന്തിനാണ് ദൈവം ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്? എന്താണിത്ര അത്യാവശ്യം? ലോറയെ വിവാഹം കഴിപ്പിച്ചയയ്ക്കുക എന്ന മഹത്തായ കർത്തവ്യവും നിർവ്വഹിക്കുന്നതിനു മുൻപു ദൈവം അയാളെ വിളിച്ചുകൊണ്ടു പോവാതിരുന്നെങ്കിൽ! ആകാശത്തിലെ മിന്നൽപ്പിണരിന്റെ വഴി ഏതെന്നു മുൻകൂർ നിശ്ചയിക്കുക മേലല്ല. ഭൂമിയിലെ മനുഷ്യർക്ക് അതെന്തെന്ന് ഊഹിച്ചെടുക്കുകപോലും സാദ്ധ്യമല്ല?" ഇവിടെ നോവലിസ്റ്റ് അവതരിപ്പിക്കുന്ന വിശ്വാസിയുടെ മനോവൃത്തിയുണ്ടല്ലോ, അതിന്റെ ലളിതമായ ആവിഷ്കാരമാണ് പൊതുവെ അദ്ദേഹത്തിന്റെ ഇഷ്ടകഥാപാത്രങ്ങളിലെല്ലാം കാണുന്നത്. ഇത് ക്രൈസ്തവവിശ്വാസത്തിന്റെ അത്യന്തലളിതമായ ഒരു ഭാഷ്യമാണ് എന്ന കാര്യം മറക്കുന്നില്ല. അയുക്തികം എന്നു തനിക്കു തോന്നുന്നതിനെ ചോദ്യംചെയ്താൽ ദൈവപ്രസാദം നഷ്ടപ്പെട്ടുപോയേക്കുമോ എന്നുപോലും നോവലിസ്റ്റ് ഭയപ്പെടുന്നു. പഴയ നിയമത്തിലെ ജോബിനെപ്പോലെ പരിഭവിക്കാനോ ചോദ്യം ഉതിർക്കാനോ പരിഭവമൂർഖത അവലംബിക്കാനോപോലും മുട്ടത്തുവർക്കിയോ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളോ ഒരുമ്പെടുന്നില്ല.

സാഹിത്യത്തിൽ വർക്കി തെളിച്ചെടുത്ത ജനകീയപ്രതിപാദനശൈലിയോടു ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന മതാത്മകതയും. 'അയാൾ വിശ്വസിച്ചു, അതിനാൽ അയാൾ രക്ഷ പ്രാപിച്ചു' എന്ന ക്രൈസ്തവസിദ്ധാന്തം അത്യന്തലളിതമായി വർക്കി അവതരിപ്പിച്ചു. എന്നാൽ വിശ്വാസിയുടെ കഥ ഇത്രത്തോളം ലളിതമാക്കി പറഞ്ഞാൽ സാഹിത്യമാവില്ല എന്ന ധാരണ പ്രബലമായി നിലനിൽക്കുന്നു. വിശ്വാസിയുടെ മനോവൃത്തികൾ, അയാളുടെ മനസ്സിലുണ്ടാകുന്ന ബലപരീക്ഷകൾ, ചിത്രീകരിച്ചാലേ വിശ്വാസിയുടെ കഥ സാഹിത്യമാകൂ എന്ന് അവർ കരുതുന്നു. കഥാ

പാത്രങ്ങളുടെ മനോവ്യത്തിയിലൂടെ പരന്നൊഴുകി മന്ദഗതിയിൽ പുരോഗമിക്കുന്ന കഥയാണ് നോവൽ എന്ന സങ്കല്പത്തിന് അനുസൃതമാണ് ഈ സിദ്ധാന്തം. മുട്ടത്തു വർക്കിയുടെ നോവലുകൾക്കൊന്നും മേൽപ്പറഞ്ഞ നിർവ്വചനം യോജിക്കില്ല. അദ്ദേഹത്തിന്, ദ്രുതഗതിയിൽ കഥാപാത്രങ്ങളുടെ ബാഹ്യക്രിയകളിലൂടെ ഉദ്വേഗജനകമായി പ്രവഹിക്കുന്ന കഥയാണ് നോവൽ. സി. ജെ.തോമസിന്റെ *ആ മനുഷ്യൻ നീതന്നെ*, എന്ന നാടകത്തിലും, കാക്കനാടന്റെ *ഏഴാംമുദ്ര*യിലും സക്കറിയയുടെ അനേകം കഥകളിലും ക്രൈസ്തവവിശ്വാസിയുടെ ഹൃദയത്തിലുണ്ടാകുന്ന വൈകാരികസംഘർഷങ്ങൾ തികച്ചും കലാത്മകമായി ചിത്രീകരിച്ചിട്ടുണ്ട്. പാറപ്പുറത്തിന്റെ *അര നാഴികനേര*ത്തിലുമുണ്ട് വിശ്വാസിയുടെ ഉദ്വിഗ്നമായ മനസ്സിലുണ്ടാകുന്ന സംഘർഷത്തിന്റെ കഥ. രക്തമാംസങ്ങളുള്ള വിശ്വാസിയിൽ പാപബോധം എങ്ങനെ വൈകാരികസംഘർഷമായി വികസിക്കാമെന്ന് എസ്.കെ. പൊറ്റെക്കാട്ടിന്റെ *വിഷകന്യക*യിലെ മുപ്പത്തിരണ്ടാം അദ്ധ്യായം വെളിപ്പെടുത്തുന്നു. സത്യവിശ്വാസിയായ അന്തോണിയും മാധവിയും തമ്മിലുള്ള വേഴ്ചയ്ക്കുശേഷം കട്ടിലിൽ സുഖമായി കിടന്നുറങ്ങുന്ന മാധവിയെയും അവളുടെ കാൽക്കൽ ചുളിഞ്ഞു താറുമാറായിക്കിടക്കുന്ന ബൈബിളും കാണുമ്പോൾ അന്തോണിക്കുണ്ടായ വികാരാവേഗങ്ങൾ, അതിമനോഹരമായി പൊറ്റെക്കാട്ട് ചിത്രീകരിച്ചിട്ടുണ്ട്. പ്രാർത്ഥിക്കാൻപോലും കരുത്തില്ലാതെ താൻ നിശ്ശേഷം നശിച്ചു എന്ന വികാരത്തിൽ പരമനിസ്സഹായതാബോധത്തോടെ അന്തോണി പൊട്ടിക്കരയുന്ന രംഗം അനുസ്മരിക്കുക. വിശ്വാസിയെ പരീക്ഷകളിൽ ഇത്രത്തോളം മുഴുകാൻ മുട്ടത്തു വർക്കി അനുവദിക്കാറില്ല. മനസ്സിന്റെ അവ്യക്തമേഖലകളിൽ നടക്കുന്ന സംഘട്ടനങ്ങൾ ചിത്രീകരിക്കാൻ അദ്ദേഹത്തിന്റെ തൂലികയ്ക്ക് താൽപര്യമില്ലെന്നു തോന്നുന്നു. 'പിശാചിന്റെ തട്ടിപ്പു'പോലുള്ള കഥകളുടെ പ്രതിപാദനശൈലി ഇങ്ങനെ ചിന്തിക്കാൻ നമ്മെ നിർബ്ബന്ധിക്കുകകൂടി ചെയ്യുന്നുണ്ട്. നാല്പത്തിമൂന്ന് വയസ്സുകാരനായ കൂട്ടായിച്ചേട്ടന് പട്ടാളക്കാരനായ മകൻ മത്തായിയുടെ ഭാര്യ കൊച്ചാച്ചിയോടു പെട്ടെന്നു ലൈംഗികാഭിനിവേശം തോന്നുന്നു. പക്ഷേ, ഒരുനിമിഷംകൊണ്ടു കൂട്ടായിച്ചേട്ടൻ ആ പരീക്ഷയെ അതിജീവിച്ചു. അന്നു രാത്രി അയാൾക്ക് ഉറക്കംവന്നില്ല. തന്റെ ഉള്ളിൽ കടന്നുകൂടിയ അശുദ്ധവിചാരത്തെ അകറ്റാൻ അയാൾ പ്രാർത്ഥിച്ചു. സകല പുണ്യവാന്മാരോടും ദൈവമാതാവിനോടും പ്രാർത്ഥിച്ചു. മനംനൊന്തു പ്രാർത്ഥിച്ചു . ഒരു പാപവും ചെയ്തിട്ടില്ലാത്ത ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ എങ്ങനെ ചീത്തവികാരം കടന്നുകൂടി? പിറ്റേദിവസം രാവിലെ എണീറ്റപാടേ അയാൾ പള്ളിയിൽ ചെന്ന് വീണ്ടും പ്രാർത്ഥിച്ചു. പിശാചിന്റെ തട്ടിപ്പിൽ തന്നെ വീഴ്ത്തരുതേ. അയാൾ ദൈവതിരുസന്നിധിയിൽ എരിവോടെ പ്രാർത്ഥിച്ചു. പിറ്റേദിവസം കൊച്ചാച്ചിയെ കൂട്ടായിച്ചേട്ടൻ അവളുടെ വീട്ടിലേക്ക് പറഞ്ഞുവിട്ടു. "അവളിനി കുഞ്ഞുമത്തായി വരുമ്പം വന്നാ മതി." കൂട്ടായിച്ചേട്ടൻ പറഞ്ഞു. അന്നു രാത്രിയിൽ അയാൾ പോത്തുപോലെ കിടന്നുറങ്ങി (തിരഞ്ഞെടുത്ത കഥകൾ). പ്രലോഭനത്തെ അതിജീ

വിക്കാൻ കൂട്ടായിച്ചേട്ടൻ നടത്തിയ പരിശ്രമം അയാളുടെ ബാഹ്യക്രിയകളിലൂടെ അവതരിപ്പിക്കാനാണ് മുട്ടത്തു വർക്കി ഇവിടെ ശ്രമിക്കുന്നത്. അയാളുടെ മനസ്സിന്റെ അകത്തളത്തിലേക്കു കടന്നുചെല്ലാൻ വിസമ്മതിച്ചു നിൽക്കുകയാണ് കഥാകൃത്ത്. ഈ നിലപാടിനു പല വിശദീകരണങ്ങളുമുണ്ടാകാം.

ലൈംഗികതയെ 'വ്യത്തികെട്ട രഹസ്യ'മായി പരിഗണിക്കുന്ന സമകാലികസാമൂഹികസദാചാരത്തിന്റെ പ്രേരണയാണ് വർക്കിയെ നിയന്ത്രിക്കുന്നതെന്ന് പെട്ടെന്നു തോന്നാം. എന്നാൽ ഇതു ഭാഗികസത്യം മാത്രമാണ്. പ്രേമമായിരുന്നല്ലോ വർക്കിയുടെ കൃതികളിലെ മുഖ്യപ്രതിപാദ്യം. ആ പ്രേമം കാമത്തോടു ബന്ധപ്പെട്ടതുമാണല്ലോ. പ്രേമത്തിലൂടെ കാമപൂർത്തിയിലേക്കു വളരുന്ന സ്ത്രീപുരുഷബന്ധത്തെ തന്റെ തൂലികയുടെ റൊമാന്റിക് മാന്ത്രികതകൊണ്ട് 'പരിശുദ്ധരഹസ്യ'മാക്കി അവതരിപ്പിക്കാൻ മുട്ടത്തു വർക്കിക്കു സാധിച്ചു. സമൂഹത്തിന്റെ ധർമ്മബോധത്തെ ഈ വിഷയത്തിൽ വർക്കി പുരോഗമനപരമായി സ്വാധീനിച്ചു എന്നുതന്നെ പറയാം. വർക്കിയുടെ നോവലുകൾ വായിക്കുന്നവർ അതിലെ കാമുകീകാമുകന്മാരുടെ ഭാഗ്യവിപര്യയങ്ങൾ വികാരപ്രവാഹങ്ങളായിട്ടാണല്ലോ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നത്. അതിലെ വികാരതരംഗങ്ങൾ ഹൃദയത്തിൽ ചില മുദ്രകൾ അവശേഷിപ്പിക്കാതിരിക്കില്ല. അത്തരം വൈകാരികമുദ്രകളുടെ സഞ്ചിതനിധിയാണല്ലോ ചിത്തസംസ്കാരം.

ലൈംഗികബന്ധത്തെക്കുറിച്ചു വിട്ടുവീഴ്ചയില്ലാത്ത ചില നിലപാടുകൾ, ക്രൈസ്തവ മതസ്വാധീനത്തിൽ വർക്കി അവലംബിക്കുന്നുണ്ട്. വിവാഹത്തിനു മുൻപോ, വിവാഹത്തിനു പുറത്തോ ഉണ്ടാകുന്ന ലൈംഗികബന്ധങ്ങളെയെല്ലാം പൊറുക്കാനാവാത്ത തിന്മകളായി അവതരിപ്പിക്കുന്ന നോവലിസ്റ്റ്, അത്തരം വേഴ്ചകൾ കനത്ത തിരിച്ചടികളായിത്തീരുമെന്ന് കാട്ടിത്തരാൻകൂടി പല കഥാസന്ദർഭങ്ങളും മെനഞ്ഞെടുത്തിട്ടുണ്ട്. സാഹിത്യപ്രേമികൾക്ക് അനുചിതമായി തോന്നിയേക്കാവുന്ന ഇതിവൃത്തവ്യതിയാനത്തിലൂടെ നടത്തുന്ന ഇത്തരം സിദ്ധാന്തീകരണം മുട്ടത്തു വർക്കിയുടെ നോവലുകൾക്ക് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മാന്യതയുടെ പരിവേഷം നൽകുകയുണ്ടായി. അങ്ങനെയാണ് ആ ഗ്രന്ഥങ്ങൾ വായനശാലകളിലേക്കും അടുക്കളയിലേക്കുപോലും നിർബ്ബാധം കടന്നുചെന്നത്. സാമൂഹികദൃഷ്ടിയിലൂടെ ലൈംഗികത ചിത്രീകരിക്കാനാണ് വർക്കി ഒരുമ്പെട്ടിട്ടുള്ളത് എന്ന കാര്യവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിശാലസമൂഹത്തിൽ, നമ്മുടെ സാമൂഹികപരിതോവസ്ഥകളിൽ, പ്രേമവും ലൈംഗികതയുമെല്ലാം അപവാദവ്യവസായത്തിനുള്ള വിഭവങ്ങളാണ്. പലപ്പോഴും അതിക്രമത്തിനുള്ള ഊർജ്ജമായും അതു പ്രത്യക്ഷപ്പെടുന്നു. വർക്കിയുടെ നോവൽപശ്ചാത്തലത്തിൽ ലൈംഗികാപവാദങ്ങളും ലൈംഗികാക്രമങ്ങളും സുലഭമാണല്ലോ. കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങളെല്ലാം അപവാദങ്ങൾക്കും അക്രമങ്ങൾക്കും ഇരകളാവുന്നു. പല ഭാര്യമാരും ഭർത്താക്കന്മാരുടെ ലൈംഗികജീവിതത്തിൽ സംശയാലുക്കളുമാണ്, വർക്കിയുടെ നോവലുകളിൽ!

മലയാളത്തിലെ സമകാലിക മാധ്യമ ആഖ്യാനങ്ങളിൽ മുട്ടത്തു വർക്കി ചേരുവ തെളിഞ്ഞു കാണാം. അഴിമതിക്കഥകൾ എന്തു പെട്ടെന്നാണ് ലൈംഗികാപവാദകഥകളായി മാറുന്നത്. ക്രിമിനൽ പ്രവർത്തനത്തിൽ നടുനായകരായ പുരുഷന്മാരെ മങ്ങൂഴത്തിലാക്കി സ്ത്രീകളെ ആഖ്യാന തന്ത്രങ്ങളിലൂടെ ലൈംഗികാഖ്യാനത്തിന്റെ വെള്ളിവെളിച്ചത്തിലേക്കു കൊണ്ടുവരുന്നു. പൊതുസമ്മതം നേടുന്നതിനു വർക്കി പാലിച്ച പെരുമാറ്റച്ചട്ടം മാധ്യമപ്രഭാവകാലത്തു പ്രാബല്യത്തിലില്ലെന്ന കാര്യം മറക്കുന്നില്ല. ആഖ്യാനത്തിൽ പ്രകടമാക്കുന്ന ഗാർഹികത, രസനീയത, ഭാവനാത്മകത എന്നിവ പരിഗണിക്കുമ്പോൾ നവീന മലയാളമാധ്യമങ്ങളിൽ മുട്ടത്തു വർക്കി വഴിതെളിഞ്ഞു കാണാം. അതുകൊണ്ടുകൂടിയാവണം മാധ്യമയുഗത്തിൽ മുട്ടത്തു വർക്കിയുടെ രചനകൾ പുനർവായനയ്ക്കും പുനർമൂല്യനിർണ്ണയനത്തിനും വിധേയമാകുന്നത്. കഴിഞ്ഞകാലത്തിൽനിന്നു വ്യത്യസ്തമായി മുഖ്യധാരാസാഹിത്യപ്രസാധകർ വർക്കിയുടെ കൃതികൾ പ്രസിദ്ധീകരിച്ചതും പദവിമാറ്റത്തിനും കാരണമാണ്. പാഠ്യപദ്ധതിയിൽ ജനപ്രിയസാഹിത്യത്തിനു ലഭിച്ച അംഗീകാരവും ഓർമ്മിക്കണം. സാഹിത്യചരിത്രങ്ങളിൽ ഇടം ലഭിച്ചു തുടങ്ങിയതോടെ പദവി വീണ്ടും വർദ്ധിച്ചു. മുട്ടത്തു വർക്കി അവാർഡിലൂടെ പ്രമുഖ സാഹിത്യകാരന്മാർ മുട്ടത്തു വർക്കിയുമായി ബന്ധപ്പെട്ടതും പദവിമാറ്റത്തിനു കാരണമായി.

മുട്ടത്തു വർക്കിയുടെ നോവലുകൾ കഥാപാത്രങ്ങളുടെ ബാഹ്യക്രിയകൾ സമൃദ്ധമായി ചിത്രീകരിക്കുന്നതിനിടയിൽ, അനേകം ക്രൈസ്തവ സാമൂഹ്യാചാരങ്ങളും ഭാഷയിലേക്കു പകർന്നിട്ടുണ്ട്. കേരളീയപൈതൃകം, പേർഷ്യൻ സമ്പർക്കം, പാശ്ചാത്യസ്വാധീനം, ക്രൈസ്തവസഭാത്മകത എന്നിവയിലൂടെയെല്ലാം ഒരു വ്യതിരിക്തസമൂഹമായി വളർന്ന കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ സാമൂഹികാചാരങ്ങൾ ആലേഖനംചെയ്യുന്നതിൽ മുട്ടത്തുവർക്കിയെ അതിശയിക്കുന്ന ഒരു എഴുത്തുകാരൻ ഇല്ല. ആ സമൂഹത്തിന്റെ ശക്തിദൗർബ്ബല്യങ്ങളെല്ലാം അദ്ദേഹം വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവകുടുംബത്തിലെ പുരുഷനുള്ള സർവ്വാധിപത്യം, സ്ത്രീധനസമ്പ്രദായം, അമിതമായ മദ്യപാനം, സുറിയാനി ക്രിസ്ത്യാനിയുടെ ദുരഭിമാനം, ജാതിചിന്ത എന്നിവയെല്ലാം വിമർശനബുദ്ധിയോടുകൂടിത്തന്നെ വർക്കി അവതരിപ്പിച്ചിട്ടുണ്ട്. വിവാഹത്തോടനുബന്ധിച്ചു നിലവിലിരുന്ന ക്രൈസ്തവ സാമൂഹ്യാചാരങ്ങൾ അവയുടെ വിലക്ഷണതകൾപോലും മറച്ചുവയ്ക്കാതെ കൗതുകകരമായി ചിത്രീകരിക്കാൻ വർക്കിക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യത്തിനു ഉത്തമദൃഷ്ടാന്തമാണ് 'നാത്തൂൻ' എന്ന നോവലിന്റെ പ്രാരംഭഭാഗം. മറ്റൊരു തരത്തിൽ ചുരുക്കിപ്പറഞ്ഞാൽ, മലയാള മഹാനിഘണ്ടുവിലും സർവ്വവിജ്ഞാനകോശത്തിലും അവശ്യം ചേർക്കേണ്ട സുറിയാനി കത്തോലിക്കാസമുദായസംബന്ധമായ എല്ലാ സംജ്ഞകളുടെയും പട്ടികയും വിവരണവും ലഭ്യമാക്കുന്ന ഒരു രേഖാസമുച്ചയമാണ് മുട്ടത്തു വർക്കിയുടെ സാഹിത്യകൃതികൾ. അങ്ങനെയൊരു ഗ്രന്ഥസമുച്ചയം വേറെ നിർദ്ദേശിക്കാനുമില്ല.

വർക്കിയുടെ കഥാപാത്രത്തിൽ കാണുന്ന മതാത്മകതയെ ജനപ്രിയ മതാത്മകത എന്നു വിളിക്കാം. കേരളം ഇന്ന് ഇത്തരം മതാത്മകതയുടെ പ്രദർശനശാലയാണ്. ജീവിതത്തെക്കുറിച്ചുള്ള ഗഹനമായ ചിന്തകൾക്കൊന്നും ഇടം നൽകാത്ത ശബ്ദായമാനവും സംഭവബഹുലവുമായ മതാത്മകത ഇവിടെ ശക്തിപ്രാപിച്ചിരിക്കുന്നു. മാധ്യമങ്ങൾ മത്സരബുദ്ധിയോടെ ഇത്തരം ജനപ്രിയ മതപ്രകടനങ്ങളെ കൊണ്ടാടുന്നു. കേരളീയജീവിതം മൊത്തത്തിൽ മാധ്യമീകരിക്കപ്പെടുന്നതിന്റെ ഭാഗമായി വേണം ജനപ്രിയമതാത്മകതയെ മനസ്സിലാക്കാൻ. ജീവിതത്തിന്റെ അതിസാധാരണതയെ സാധാരണക്കാരനു പ്രിയങ്കരമായ ശൈലിയിൽ പ്രതിനിധാനംചെയ്ത മുട്ടത്തു വർക്കിയുടെ കലാതന്ത്രം കേരള സംസ്കാരത്തിന്റെ സരളയുക്തിയായി വികസിക്കുന്നു. ഇതിനെ മാധ്യമീകരണം എന്നോ ജനാധിപത്യവത്കരണം എന്നോ വിളിക്കാം. ഏതായാലും മലയാളഭാഷയിലെയും കേരളസംസ്കാരത്തിലെയും ഇന്നത്തെ പ്രബലമാതൃകകളിൽ ഒന്ന് 'പൈങ്കിളിമുദ്ര' കുത്തി വിദ്വാന്മാർ ഇകഴ്ത്തിക്കളഞ്ഞ മുട്ടത്തു വർക്കിശൈലിയാണ്. അതിന്റെ സമകാലികപ്രയോഗങ്ങൾ നിശിതമായ സാംസ്കാരികവിമർശനത്തിനു വിധേയമാക്കേണ്ടതുണ്ട്.

അനുദിന കേരളീയജീവിതവുമായി മുട്ടത്തു വർക്കിയുടെ കൃതികൾക്കുള്ള ബന്ധത്തെ സമകാലികസൈദ്ധാന്തികതയുടെ ബലത്തിൽ പുനരവലോകനം ചെയ്യാവുന്നതാണ്. എല്ലാ ഓർമ്മകളും നിർമ്മിതികളാണ്. ചിലർക്ക് ഓർമ്മ സംഭവസ്മരണ(episodic memory)തന്നെ. സംഭവങ്ങളുടെ മുൻപിൽ തുടർച്ച നിർണ്ണയിക്കുന്നത് ഓർമ്മിക്കുന്നവരാണ്. അതു കാര്യകാരണ ബന്ധരൂപത്തിൽ രൂപാന്തരപ്പെടുകയും ചെയ്യാറുണ്ട്. മറ്റു ചിലർക്ക് ഓർമ്മ എന്നത് അർത്ഥംതേടലാണ്. പൊരുൾതിരിക്കലിന്റെ. വിശദീകരണവും വ്യാഖ്യാനവുമായി ഓർമ്മ മാറുന്നു. ഇനിയുമൊരു കൂട്ടരുണ്ട് അവർക്ക് ഓർമ്മ എന്നതു സാംസ്കാരികസ്മൃതി (cultural memory)യാണ്. ഒ.വി. വിജയന്റെ രചനകളിൽ പൊതുവെ സാംസ്കാരികസ്മൃതി സാമാന്യമായി കാണാം. ഭാവനാപരമായി ഓർമ്മയെ പുനർനിർമ്മിക്കുന്നതാണ് വിജയന്റെ രീതി. സംഭവങ്ങളുടെ യുക്തിപരമായ കെട്ടുപാടുകൾ വ്യാഖ്യാനിച്ചെടുക്കുന്ന അർത്ഥസ്മൃതി (semantic memory)യാണ് ആനന്ദിന്റെ രചനകളിൽ. ആദ്യം സൂചിപ്പിച്ച സംഭവസ്മൃതിയാണ് പൊതുവെ മുട്ടത്തു വർക്കിയുടെ രചനകളിലുള്ളത്. ചരിത്രവും ഭാവനയും കൂടിക്കലർന്നുകിടക്കുന്നു. വേർതിരിക്കാനാവാത്ത തരത്തിലാണ് ഈ കലർപ്പ്. ചിലർക്ക് ഇതു മുഴുവൻ കെട്ടുകഥയെന്നു തോന്നാം. മറ്റു ചിലർക്ക് അന്യൂനയാഥാർത്ഥ്യമെന്നും. ബൗദ്രിലാദ് (Baudrilad) ആധുനിക മാധ്യമതന്ത്രങ്ങളെക്കുറിച്ചു പറയുമ്പോൾ ഉപയോഗിക്കുന്ന മായ (Simulation) എന്ന സങ്കല്പനം ഇവിടെ ഓർമ്മിക്കാം. വാൾട്ടർ ബെഞ്ചമിൻ നിർദ്ദേശിക്കുന്ന ഓർമ്മയുടെ ഭൂപ്രകൃതി (memory landscape) എന്ന് ഇതിനെ വിശേഷിപ്പിച്ചാലും തരക്കേടില്ല. പരമ്പരാഗതഭാവനയിൽ നിർമ്മിച്ചെടുത്ത പ്രകൃതിയും അനുദിനജീവിതവുമാണ് മുട്ടത്തു വർക്കിയുടെ രചനകളിലുള്ളത്. പെട്ടെന്ന്

അരോചകമായി തോന്നിയേക്കാവുന്ന കണ്ടെത്തലാണിത്. അനുഭവലോപം സംഭവിക്കാത്ത പ്രകൃതിയാണ് പൊതുവേ വർക്കിയുടെ രചനകളിലുള്ളത്. പ്രകൃതിയും മനുഷ്യനും തമ്മിൽ ബന്ധവിച്ഛേദം സംഭവിച്ച ഘട്ടമാണ് വിജയന്റെയും ആനന്ദിന്റെയും രചനകളിൽ കാണുന്നത്. മുട്ടത്തു വർക്കിയാകട്ടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അനുസ്യൂതിബന്ധത്തിലാണ് ദൃഷ്ടി പതിപ്പിക്കുന്നത്. പരമ്പരാഗത കേരളീയ പരിസ്ഥിതിബോധത്തിൽ കാട്-കുടി-അങ്ങാടി-പട്ടണം എന്നൊരു ശൃംഖല കാണാം. കേരളീയ സ്ഥലനാമങ്ങളിൽ അതു പ്രകടതരമാകുന്നുണ്ട്. തൊൽക്കാപ്പിയത്തിലെ തിണസങ്കല്പത്തിലുള്ള അമിതഭ്രമംകൊണ്ട് മലയാളികൾ ഈ പരമ്പരാഗത സാംസ്കാരികഭൂമിശാസ്ത്രം മറന്നുപോകുന്നു. മുട്ടത്തു വർക്കിയിൽ പാരിസ്ഥിതികദൃശ്യങ്ങളും ചിഹ്നങ്ങളും പ്രതീക(symbol)പദവിയിലേക്കോ രൂപക(metaphar)പദവിയിലേക്കോ ഉയരുന്നില്ല. അതുകൊണ്ടുതന്നെ പണ്ഡിത പരാമർശങ്ങൾക്ക് അവ വിഷയമായിട്ടില്ല. വർക്കിയിൽ ജീവിതഖണ്ഡത്തിന്റെ അനുസ്യൂതിയിലാണ് വാക്കും ഓർമ്മയും പ്രകൃതിയും പരസ്പരം ബന്ധപ്പെടുന്നത്. സൂചകപദവിയിലേക്കു കടന്ന് വികാരങ്ങൾ നഷ്ടപ്പെടുത്താൻ വിസമ്മതിക്കുന്ന വാങ്മയങ്ങൾ ഭാഷയ്ക്കു നൽകുന്ന തിളക്കം തൂനിലാവുപോലെ പരന്നുപരന്നു പോകുന്നു. ജീവിതചിത്രങ്ങളാൽ സമൃദ്ധമായ ഭാഷ ഉപരിപ്ലവം എന്നു ധ്വനിവാദികൾക്കു തോന്നിയേക്കാം. ഒരു സാധാരണ രസികനു മാധ്യമസൃഷ്ടികളിലും ജനപ്രിയനോവലിലും സ്വച്ഛന്ദമായി രസിച്ചു നടക്കാം. അതു സംവേദനവിദ്യയുടെ ഉത്സവീകരണം. ഇതിന്റെ ഉന്നവും തന്ത്രവും അപഗ്രഥിക്കാൻ പുതിയ സിദ്ധാന്തങ്ങളും രീതിശാസ്ത്രങ്ങളും വേണ്ടിവരുന്നു. തയ്യാർ ചെയ്തുവച്ചിരിക്കുന്ന സാഹിത്യ സിദ്ധാന്തങ്ങളുമായി മുട്ടത്തു വർക്കിയുടെ രചനകളെ സമീപിക്കുന്നവർ ഇക്കാര്യം ഓർമ്മിക്കണം.